**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2282** **06-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ എത്ര കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ എത്ര എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ; | (എ) | ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 120 കേന്ദ്രങ്ങളാണ് സ്ഥാപിക്കുന്നത്. ഇതിൽ 40 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. 16 പദ്ധതികളുടെ നിർമ്മാണം പുരോഗതിയിലാണ്. |
| (ബി) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര എണ്ണം പൂർത്തീകരിച്ചുവെന്നും വിശദമാക്കുമോ? | (ബി) | ആലപ്പുഴ നിയോജക മണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റി, ആര്യാട് ഗ്രാമ പഞ്ചായത്ത്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലായി 10 വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. 4 എണ്ണം പൂർത്തീകരിക്കുകയും 2 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. പൂർത്തീകരരിച്ചവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ആലപ്പുഴ മുനിസിപ്പാലിറ്റി (1), മാരാരിക്കുളം തെക്ക് (1), മാരാരിക്കുളം വടക്ക് (1), മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് (1) |

സെക്ഷൻ ഓഫീസർ